ഡോ. അബ്ദുസ്സലാം വാണിയമ്പലം

# അറിവും അനുഭവവും പകർന്ന 'ഖറദാവി സംഗമം'

**സമകാലിക** ലോകം ഡോ. യൂസുഫുൽ ഖറദാവിയെ വല്ലാതെ പ്രസക്തനാക്കിയിട്ടുണ്ട്. അധിനിവേശവിരുദ്ധസമരങ്ങളുടെയും ചെറുത്തുനിൽപുകളുടെയും പ്രതീകം, മുസ്‌ലിം ലോകത്തെ സ്വേഛാധികാരികളുടെ നേരെ വിരൽചൂണ്ടാൻ ആർജവം കാണിക്കുന്ന പോരാളി, ഇസ്‌ലാമിനെ കാലിക ലോകത്തേക്ക് ചേർത്തുവെക്കാൻ അസാമാന്യ മിടുക്കു പ്രകടിപ്പിക്കുന്ന പണ്ഡിതൻ, അനായാസ കർമശാസ്ത്രം (ഫിഖ്ഹുത്തയ്സീർ), ന്യൂനപക്ഷ കർമശാസ്ത്രം (ഫിഖ്ഹുൽ അഖലിയ്യ), താരതമ്യ കർമശാസ്ത്രം (ഫിഖ്ഹുൽ മുവാസനാത്ത്), അക്ഷരങ്ങൾക്കപ്പുറം ശരീഅത്തിന്റെ അടിസ്ഥാന ലക്ഷ്യത്തിലൂന്നി വിധി നിഷ്പാദനം നടത്തുന്ന കർമശാസ്ത്രം (ഫിഖ്ഹുൽ മഖാസിദ്), മുൻഗണനാക്രമത്തിന്റെ കർമശാസ്ത്രം (ഫിഖ്ഹുൽ ഔലവിയ്യാത്ത്) തുടങ്ങി ഫിഖ്ഹിൽനിന്ന് ആനുകാലിക സാഹചര്യങ്ങളിൽ ഏറ്റവും പ്രസക്തമായ തത്വങ്ങളെ വികസിപ്പിച്ചെടുക്കുന്ന കർമശാസ്ത്രകാരൻ, ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ മാർഗദർശി (മുർശിദ്), ലോകത്തുടനീളം മർദിത ജനകോടികൾക്കാവേശം പകർന്ന് ഓടിനടക്കുന്ന കർമയോഗി തുടങ്ങിയ ഒട്ടേറെ യോഗ്യതകളാണ് ഡോ. ഖറദാവിയെ വേറിട്ടുനിർത്തുന്നത്. ഈയൊരു പശ്ചാത്തലത്തിലാണ് ഇക്കഴിഞ്ഞ ജൂലൈ 14 മുതൽ 16 വരെ ഖത്തർ തലസ്ഥാനമായ ദോഹയിൽ ഖറദാവി ശിഷ്യന്മാരുടെ അപൂർവസംഗമം നടന്നത്.

ഡോ. ഖറദാവിയുടെ ശിഷ്യന്മാരും സുഹൃത്തുക്കളും ചേർന്ന് സംഘടിപ്പിച്ച പരിപാടിക്ക് 'ഇമാം ഖറദാവി സംഗമം' എന്നാണ് പേരിട്ടിരുന്നത്. കുവൈത്തിലെ മർകസുൽ വസത്വിയ്യയും ഖത്തർ യൂനിവേഴ്സിറ്റിയിലെ ശരീഅഃകോളേജുമായിരുന്നു, ഔദ്യോഗികമായി പരിപാടിയുടെ സംഘാടകർ. വിവിധഭൂഖണ്ഡങ്ങളിലെ മുപ്പതിലധികം രാജ്യങ്ങളിൽനിന്നെത്തിച്ചേർന്ന ഖറദാവി ശിഷ്യന്മാരുടെയും അനുയായികളുടെയും ഹൃദയഹാരിയായി സംഗമം. ഹമാസ് നേതാവ് ഖാലിദ് മിശ്അൽ, പ്രമുഖ ഇസ്‌ലാമിക പ്രാസ്ഥാനിക ദാർശനികനായ റാശിദുൽ ഗനൂശി, പണ്ഡിത പ്രമുഖനായ ശൈഖ് ഫൈസ്വൽ മൗലവി (ലബനാൻ), ശൈഖ് ഖാലിദുൽ മദ്കൂർ(കുവൈത്ത്), മുനീർ ശഫീഖ് (ഫലസ്ത്വീൻ), ജമാൽ ബദവി (അമേരിക്ക), ഖത്തർ വിദ്യാഭ്യാസ മന്ത്രി ശൈഖ അൽമഹ്മൂദ്, ഖത്തർ മതകാര്യവകുപ്പ് മന്ത്രി ഫൈസ്വൽ ആൽമഹ്മൂദ്, ഇന്തോനേഷ്യൻ അഡ്വൈസറി കൗൺസിൽ സ്പീക്കറും ഇസ്‌ലാമിക പ്രസ്ഥാനമായ ജസ്റ്റിസ് പാർട്ടിയുടെ നേതാവുമായ ഡോ. മുഹമ്മദ് നൂർ ഹിദായത്ത്, മുൻ സുഡാൻ മതകാര്യവകുപ്പു മന്ത്രി ഡോ. ഉസാമുൽ ബശീർ തുടങ്ങിയ ഒട്ടേറെ പ്രമുഖർ സംഗമത്തിനെത്തി. ഇന്ത്യയിൽനിന്ന് ഈ ലേഖകനു പുറമെ എം.വി. മുഹമ്മദ് സലീം മൗലവി, സൽമാൻ നദ്‌വി എന്നിവരായിരുന്നു ക്ഷണിക്കപ്പെട്ടത്.

സംഗമത്തിന്റെ തുടക്കത്തിൽ നടത്തിയ ആമുഖഭാഷണത്തിൽ ഡോ. ഖറദാവി പറഞ്ഞു: "കുറേ കാലമായി എന്റെ ശിഷ്യന്മാരും സുഹൃത്തുക്കളും ഇത്തരമൊരു സംഗമത്തിനുവേണ്ടി എന്റെമേൽ സമ്മർദം ചെലുത്താൻ തുടങ്ങിയിട്ട്. തെറ്റായ കീഴ്‌വഴക്കമുണ്ടാക്കുമോ എന്ന ആശങ്കയാൽ ഞാനിതിന് സമ്മതം മൂളാതിരിക്കുകയായിരുന്നു. ഒടുവിൽ നന്മയുദ്ദേശിച്ച് ഞാൻ വഴങ്ങുകയാണുണ്ടായത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള, ഞാൻ അറിയുന്നവരും അല്ലാത്തവരുമായ ശിഷ്യന്മാർ ഒരുമിച്ചുകൂടുന്ന ഒരവസരം ഉണ്ടായെങ്കിൽ എന്നു ഞാനാഗ്രഹിച്ചിരുന്നുതാനും."

## നായകനല്ല; പടയാളി, ഇമാമല്ല; വിദ്യാർഥി

വികാരനിർഭരമായിരുന്നു ശൈഖിന്റെ ആമുഖഭാഷണം. "ഇമാം ഖറദാവി സംഗമം എന്ന് പേരിട്ടിരിക്കുന്നു ഈ പരിപാടിക്ക്. അല്ലാഹുവാണ ഞാൻ ഇമാമല്ല, വെറുമൊരു വിദ്യാർഥിയാണ്. സേനാനായകനല്ല, പടയാളിമാത്രമാണ്. ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർഥിയാണ് ഞാൻ.'

സംഗമം തന്നെ പ്രശംസിക്കാനുള്ള വേദിയാക്കരുതെന്ന് അദ്ദേഹം പറഞ്ഞു: "കർമങ്ങൾ ഭൂലോകത്ത് പ്രശംസിക്കപ്പെട്ടാൽ ആ കർമങ്ങളുടെ മൂന്നിൽ രണ്ട് പ്രതിഫലം അല്ലാഹുവിങ്കൽ ലഭിക്കുകയില്ല, ബാക്കിയുള്ള മൂന്നിലൊന്നേ ലഭിക്കുകയുള്ളൂ എന്ന് പറയപ്പെട്ടിട്ടുണ്ട്. എന്റെ കർമങ്ങളുടെ മൂന്നിലൊന്നു പ്രതിഫലമേ കിട്ടുകയുള്ളൂവെങ്കിൽ അതെന്റെ ഏറ്റവും വലിയ നഷ്ടമായിരിക്കും."

പ്രസംഗം അവസാനിപ്പിച്ചത് ഇങ്ങനെ: "അല്ലാഹു ഒരുപാട് അനുഗ്രഹങ്ങൾ നൽകിയ വ്യക്തിയാണ് ഞാൻ. ഒന്നുമില്ലായ്മയിൽനിന്നാണ് ഞാനിവിടെയെത്തിയത്. ആയുസ്സു മുഴുവൻ നിന്നു നമസ്കരിച്ചാലും നോമ്പുനോറ്റാലും ആ അനുഗ്രഹങ്ങൾക്കുള്ള നന്ദിയാവില്ല. ഒരപേക്ഷയേ നിങ്ങളോടുള്ളൂ; ജീവിതത്തിന്റെ അവസാനത്തിലേക്ക് കടന്നുകഴിഞ്ഞ എന്റെ രക്തസാക്ഷ്യത്തിനു വേണ്ടി നിങ്ങൾ പ്രാർഥിക്കണം. ഇസ്‌ലാമിന്റെ ശത്രുവിന്റെ കൈയാൽ കൊല്ലപ്പെടണമെന്നാണ് ഞാനാഗ്രഹിക്കുന്നത്. അങ്ങനെ, രക്തസാക്ഷിയായി അല്ലാഹുവിനെ കണ്ടുമുട്ടണമെന്നും."

ശൈഖ് ഖറദാവിയുടെ വ്യക്തിത്വത്തെ ചുറ്റിപ്പറ്റിയുള്ളതോ അദ്ദേഹത്തിന്റെ അപദാനങ്ങൾ വാഴ്ത്തുന്നതോ ആയ കേവല സംഗമമായിരുന്നില്ല സമ്മേളനം. പകരം, ഖറദാവി ചിന്തകളെയും അവയുടെ വൈചാരിക-ഇസ്‌ലാമിക തലങ്ങളെയും സ്പർശിക്കുന്നതും അദ്ദേഹത്തിന്റെ സേവനങ്ങളെ വിശകലനം ചെയ്യുന്നതുമായ, പ്രഗത്ഭ പണ്ഡിതന്മാരുടെ ഗവേഷണ പ്രബന്ധങ്ങളാണ് വിവിധ സെഷനുകളിലായി സമർപ്പിക്കപ്പെട്ടത്. ശൈഖ് റാശിദുൽ ഗനൂശി, ശൈഖ് ഫൈസ്വൽ മൗലവി, ഡോക്ടർ ജമാൽ ബദവി, മുനീർ ശഫീഖ്, ഡോ. ഖാലിദുൽ മദ്കൂർ തുടങ്ങിയവർ വിവിധ സെഷനുകളിൽ അധ്യക്ഷത വഹിച്ചു. ഖറദാവിയുടെ കർമശാസ്ത്രം, ഖറദാവിയുടെ ഫത്‌വകൾ, ഖറദാവിയും നിദാന ശാസ്ത്രവും, ഖറദാവിയും ശരീഅത്തിന്റെ ലക്ഷ്യങ്ങളും, ഖറദാവിയും ഇജ്തിഹാദും, ഖറദാവിയും തഫ്സീറും, ഖറദാവിയും ഹദീസും, ഖറദാവിയും മുസ്‌ലിം ഉമ്മത്തിന്റെ പ്രശ്നങ്ങളും, ഖറദാവിയും പടിഞ്ഞാറും, ഖറദാവിയും മുസ്‌ലിം ന്യൂനപക്ഷവും, ഖറദാവിയും ഇസ്‌ലാമിക പ്രസ്ഥാനങ്ങളും, ഖറദാവിയും ഇസ്‌ലാമിക നവോത്ഥാനവും, ഖറദാവിയും ഭരണാധികാരികളും, ഖറദാവിയും ഇസ്‌ലാമിക സാമ്പത്തിക

ശാസ്ത്രവും, ഖറദാവിയും തീവ്രവാദവും, ഖറദാവിയും വാർത്താമാധ്യമങ്ങളും, ഖറദാവിയും കവിതാസാഹിത്യവും തുടങ്ങിയ തലക്കെട്ടുകളിൽ ഗഹനമായ പ്രബന്ധങ്ങളാണ് അവതരിപ്പിക്കപ്പെട്ടത്. പ്രബന്ധാവതരണത്തിനുശേഷം സദസ്സിനു ചർച്ചക്ക് അവസരം നൽകിയിരുന്നു. പ്രഭാഷണങ്ങളിലും പ്രബന്ധങ്ങളിലും ഖറദാവി പ്രശംസിക്കപ്പെടുക മാത്രമല്ല നിരൂപണം ചെയ്യപ്പെടുകയുമുണ്ടായി.

എല്ലാ സെഷനുകളിലും ആദ്യന്തം ശൈഖ് ഖറദാവിയുടെ സാന്നിധ്യമുണ്ടായിരുന്നു. ഓരോ സെഷന്റെയും അവസാനത്തിൽ പ്രബന്ധങ്ങളെ അദ്ദേഹം വിശകലനം ചെയ്തു. തിരുത്തേണ്ടവ തിരുത്തുകയും കൂട്ടിച്ചേർക്കേണ്ടവ കൂട്ടിച്ചേർക്കുകയും ചെയ്തു. വിയോജിപ്പുകൾ സർവാത്മനാ സ്വാഗതം ചെയ്തു.

## ഇന്ത്യക്കാർക്ക് ആദരം

ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തോടും ഇന്ത്യയിൽനിന്നുള്ള തന്റെ ശിഷ്യന്മാരോടും ശൈഖ് ഖറദാവി എന്നും പ്രത്യേകമായൊരു സ്നേഹം മനസ്സിൽ സൂക്ഷിച്ചുപോരുന്നുണ്ടെന്ന് അദ്ദേഹത്തെ കണ്ടുമുട്ടുമ്പോഴൊക്കെ ബോധ്യപ്പെടും. ആ സ്നേഹം പ്രകടിപ്പിക്കാനുള്ള ഒരവസരവും അദ്ദേഹം ഉപയോഗപ്പെടുത്താതിരിക്കില്ല. ഇത്തവണയും അങ്ങനെത്തന്നെ. സദസ്സിലേക്ക് കടന്നുചെന്നപ്പോൾ എഴുന്നേറ്റു വന്ന് കെട്ടിപ്പിടിച്ച ഖറദാവി സദസ്സിലുള്ളവർക്ക് വിശദമായി പരിചയപ്പെടുത്തിക്കൊടുക്കുന്നു. പിന്നീട്. എം.വി. മുഹമ്മദ് സലീം മൗലവി പ്രബന്ധമവതരിപ്പിച്ചു കഴിഞ്ഞപ്പോൾ, 2003-ൽ ശാന്തപുരം അൽ ജാമിഅയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് പ്രസംഗിക്കവെ പറഞ്ഞതുപോലെത്തന്നെ, അറുപതുകളിൽ താൻ ഖത്തറിലെ റിലീജ്യസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേധാവിയായിരിക്കെ അവിടെ പഠിക്കാനെത്തിയ സലീം മൗലവിയുൾപ്പെടെയുള്ള നാലു മലയാളി വിദ്യാർഥികളുടെ മിടുക്ക് എടുത്തുപറഞ്ഞ് ആ അനറബികൾ അറബി വിദ്യാർഥികളെ പിന്നിലാക്കി മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയിരുന്നത് അനുസ്മരിച്ചു.

## ഖാലിദ് മിശ്അലിന്റെ സാന്നിധ്യം

യാതൊരു മുന്നറിയിപ്പുമില്ലാതെ ഹമാസ് നേതാവ് ഖാലിദ് മിശ്അൽ സംഗമത്തിനെത്തിയത് സദസ്സിന് ആവേശകരമായ അനുഭവമായി. മൊസാദും സി.ഐ.എയും തലക്ക് വിലയിട്ട, ഇസ്രായേലിന്റെ ഏറ്റവും വലിയ പേടിസ്വപ്നമായ ഖാലിദ് മിശ്അൽ ഒരു സാധാരണക്കാരനായി കയറിവന്ന് റാശിദുൽ ഗനൂശിയുടെ തൊട്ടടുത്തായി സദസ്സിലിരുന്നു. ഹമാസിന്റെ സെക്യൂരിറ്റി ഗാർഡുകൾ അദ്ദേഹത്തിന്റെ ചുറ്റും നിലയുറപ്പിച്ചു. സ്റ്റേജിലിരിക്കുന്ന ശൈഖ് ഖറദാവിക്കും സദസ്സിനും കൈയുയർത്തി അദ്ദേഹം അഭിവാദ്യം നേർന്നു. ജരാനരകൾ ബാധിച്ച ചെറുപ്പക്കാരൻ, ചടുലമായ നടത്തം, തുളച്ചുകയറുന്ന ദൃഷ്ടികൾ, ഒന്നിനെയും കൂസാത്ത ഭാവം. രണ്ടാമത്തെ ദിവസമാണ് അദ്ദേഹത്തിന് പ്രസംഗത്തിനു അവസരം നൽകിയത്. ഹമാസ്-ഫതഹ് പോരാട്ടത്തിന്റെയും ഹമാസ് ഗസ്സ പിടിച്ചടക്കിയതിന്റെയും പശ്ചാത്തലത്തിൽ ഖാലിദ് മിശ്അലിൽനിന്ന് സംഭവങ്ങൾ നേരിട്ടറിയാൻ കാതു കൂർപ്പിച്ച സദസ്സിന്റെ മുമ്പിൽ അദ്ദേഹം, ഫലസ്ത്വീൻ പ്രശ്നത്തിൽ ശൈഖ് ഖറദാവി ചെയ്ത സേവനങ്ങൾ അനുസ്മരിച്ചും ഇരുപതു വർഷമായി താൻ അദ്ദേഹത്തിന്റെ ശിഷ്യനാണെന്ന കാര്യം എടുത്തു പറഞ്ഞുമാണ് ഭാഷണമാരംഭിച്ചത്. ഇസ്രായേലിന്റെ മുമ്പിൽ എല്ലാ പ്രതിരോധശ്രമങ്ങളും പരാജയമടഞ്ഞുനിന്ന സാഹചര്യത്തിൽ ഹമാസ് പോരാളികൾ രക്തസാക്ഷിത്വ ആക്രമണങ്ങൾ അവലംബിച്ചപ്പോൾ അതിനെ പിന്തുണക്കാൻ പണ്ഡിതന്മാർ മടിച്ചുനിന്ന സന്ദർഭത്തിൽ ഖറദാവിയുടെ ആർജവത്തോടെയുള്ള അനുകൂല ഫത്‌വകളാണ് ഫലസ്ത്വീൻ പോരാട്ടത്തെ വഴിത്തിരിവിലെത്തിച്ചതെന്നും ഖറദാവി മുൻകൈയെടുത്ത് ആരംഭിച്ച ഇഅ്തിലാഫുൽ ഖൈർ എന്ന വേദിയുടെ സംഭാവനകളാണ് ഫലസ്തീൻ കുടുംബങ്ങൾക്ക് ആശ്രയമായതെന്നും ഖാലിദ് മിശ്അൽ അനുസ്മരിച്ചു.

ഏറ്റവുമൊടുവിൽ ഹമാസിന് ഗസ്സ പിടിച്ചെടുക്കേണ്ടി വന്ന സാഹചര്യം വിശദീകരിച്ച് മിശ്അൽ പറഞ്ഞു: നിങ്ങൾ ഞങ്ങളോട് ക്ഷമിക്കണം. ഇതര ഫലസ്ത്വീൻ ഗ്രൂപ്പുകളുമായി ഏറ്റുമുട്ടലിനില്ലെന്ന് തുടക്കം മുതലേ പ്രഖ്യാപിച്ച ഞങ്ങൾക്ക് ഗസ്സ പിടിച്ചെടുക്കേണ്ടിവന്നതും അതിന്നായി പോരാടേണ്ടിവന്നതും നിർബന്ധിത സാഹചര്യത്തിലാണ്. അമേരിക്കയുടെയും ഇസ്രായേലിന്റെയും പിന്തുണയോടെ ഹമാസിനെ നശിപ്പിക്കാനും ഫലസ്ത്വീൻ പോരാട്ടത്തെ ഒറ്റുകൊടുക്കാനും ആസൂത്രിതനീക്കങ്ങൾ നടത്തിയ ഫതഹിലെ സയണിസ്റ്റനുകൂലികളും കടുത്ത അഴിമതിക്കാരുമായ ഒരു വിഭാഗം, ഇതുവരെയുള്ള എല്ലാ നീക്കങ്ങളും പരാജയപ്പെട്ടപ്പോൾ അവസാനം അമേരിക്കയും ഇസ്രായേലും നൽകിയ മില്യൻ കണക്കിനു ഡോളറും ശക്തമായ ആയുധങ്ങളും ഉപയോഗിച്ച് ഗസ്സയിൽ ഹമാസിന്റെ കഥകഴിക്കാൻ അവസാന ഒരുക്കങ്ങൾ നടത്തുന്നത് ഞങ്ങൾ കണ്ടുപിടിക്കുകയായിരുന്നു. ഉടൻ നടപടികളിലേക്ക് നീങ്ങിയില്ലെങ്കിലുണ്ടാവുന്ന ഗുരുതര ഭവിഷ്യത്തുകളോർത്ത് ഞങ്ങൾ ഗസ്സയിൽ ഫതഹ് ഗൂഢാലോചകരെ പിടികൂടുകയായിരുന്നു. അവരിൽനിന്ന് പിടിച്ചെടുത്ത വിലപ്പെട്ട വിവരങ്ങൾ, അണിയറയിൽ നടന്ന ഞെട്ടിക്കുന്ന ഗൂഢാലോചനകൾ വ്യക്തമാക്കുന്നതാണ്. സുഊദി അറേബ്യയുടെ നേതൃത്വത്തിലുണ്ടാക്കിയ മക്കാ കരാർ ഹമാസിന്റെ കഥകഴിക്കാനുള്ള സന്നാഹങ്ങൾ നടത്താൻ ഒരിടവേള എന്ന നിലക്കാണ് ഫതഹിലെ ഈ വിഭാഗം ഉപയോഗപ്പെടുത്തിയത്. ഇപ്പോഴും ഫതഹുമായി ചർച്ചക്ക് തയാറാണ്. അറബ് മാധ്യസ്ഥതയിൽ ഫതഹിന്റേതും ഹമാസിന്റേതുമല്ലാത്ത ഒരു സുരക്ഷാ വിഭാഗത്തെ കാര്യങ്ങളേൽപിക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം."

## ജർമനിയിൽനിന്ന് ഒരു ശിഷ്യ

ഡോ. ഖറദാവിയുടെ ചിന്തകളെ ആഴത്തിൽ പഠിച്ച ജർമനിയിലെ ഓറിയന്റലിസ്റ്റായ ക്രിസ്ത്യൻ വനിത പാതിന ഗ്രാഫും സംഗമത്തിനെത്തി. ഖറദാവിയുടെ കർമശാസ്ത്രത്തെക്കുറിച്ച് ഡോക്ടറേറ്റിനായി ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണവർ. സുന്ദരമായ അറബി ഭാഷയിൽ നടത്തിയ പ്രഭാഷണത്തിൽ ഖറദാവി ചിന്തകളോടുള്ള പടിഞ്ഞാറിന്റെ പ്രതിലോമപരമായ പ്രതികരണങ്ങളെയും യൂറോപ്യൻ മുസ്‌ലിംകളിൽ ഖറദാവിയുണ്ടാക്കുന്ന അവബോധത്തെയും അവർ വിശകലനം ചെയ്തു. പഠനഗവേഷണങ്ങളുടെ ഭാഗമായി പലപ്പോഴും ഖറദാവിയെ കണ്ട പാതിനയെ ഖറദാവി സ്വീകരിച്ചത് താൻ പാതിനയെ 'ബുനൈന' എന്നാണ് വിളിക്കാറുള്ളതെന്ന് സദസ്സിന് വിശദീകരിച്ചുകൊടുത്തുകൊണ്ടായിരുന്നു.

## ഗനൂശിയുടെ കൂടെ

ഇസ്‌ലാമിക പ്രസ്ഥാനത്തെ പുതിയ ലോകത്ത് വിജയിപ്പിച്ചെടുക്കുന്നതിന് സക്രിയമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുന്ന ദാർശനികനായ റാശിദുൽ ഗനൂശിക്ക് ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തോട് പറയാനുള്ളതെന്തെന്നറിയാൻ അതിയായ താൽപര്യമുണ്ടായിരുന്നു. തിരക്കിനിടയിൽ അൽപ സമയത്തേക്ക് അദ്ദേഹം റൂമിലേക്ക് ക്ഷണിച്ചു.

ഇസ്‌ലാമിക പ്രസ്ഥാനം കേരളത്തിൽ നടത്തുന്ന കാൽവെപ്പുകൾ ശ്രദ്ധയിൽപെടുത്തിയ കൂട്ടത്തിൽ *മാധ്യമം* ദിനപത്രത്തെ പരിചയപ്പെടുത്തിയപ്പോൾ അതിന്റെ നയനിലപാടുകളും സ്വാധീനവും സർക്കുലേഷനും കൗതുകപൂർവം ചോദിച്ചറിഞ്ഞ ഗനൂശി പറഞ്ഞു: 'ഒരിസ്‌ലാമിക പ്രസ്ഥാനം ഇവ്വിധം വിജ

യകരമായൊരു ദിനപത്രം നടത്തുന്നത് ആദ്യമായാണ് ഞാൻ കേൾക്കുന്നത്.'

ഇന്ത്യയിൽ ഇസ്‌ലാമിക പ്രസ്ഥാനം മൗദൂദിഘട്ടത്തിൽനിന്നു മുന്നോട്ടുപോകേണ്ടതുണ്ടെന്നും ഒരു സാമൂഹിക പ്രസ്ഥാനമായി അത് അഭിവൃദ്ധിപ്രാപിക്കണമെന്നും ഗനൂശി അഭിപ്രായപ്പെട്ടു. ഖുർആനിൽ മൂന്നുവിധത്തിലുള്ള അഭിസംബോധനകൾ കാണാം: يا ايها الذين آمنوا (വിശ്വസിച്ചവരേ), يا أيها الناس (ജനങ്ങളേ), يا قوم (എന്റെ സമൂഹമേ) എന്നിങ്ങനെയാണത്. ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം, അത് പ്രവർത്തിക്കുന്ന സമൂഹത്തെ يا قوم (എന്റെ സമൂഹമേ) എന്നു വിളിക്കാൻ കഴിയുമാറ് അവരുമായും അവരുടെ പ്രശ്നങ്ങളുമായും അടുത്തു നിൽക്കേണ്ടതുണ്ട്.

പ്രസ്ഥാനം ഒരു സാമൂഹിക പ്രക്രിയയാകുമ്പോൾ രാഷ്ട്രീയത്തിലും അതിന് ഫലപ്രദമായ റോളുണ്ടാകണം. ഒരു ദേശീയ രാഷ്ട്രീയ പ്രസ്ഥാനത്തെ അത് വളർത്തിയെടുക്കണം. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ തനിപ്പകർപ്പാകരുത് അത്. മറ്റുള്ളവരെ കൂടി ഉൾക്കൊള്ളാൻ കഴിയുന്ന ചട്ടക്കൂടാകണം. അതേയവസരം അത് ഇസ്‌ലാമിക പ്രസ്ഥാനത്തെ വിഴുങ്ങുകയുമരുത്. യൂറോപ്പിലെ മുസ്‌ലിം ന്യൂനപക്ഷത്തിന് ഇത്തരം പരീക്ഷണങ്ങൾ നടത്താൻ പരിമിതികളുണ്ട്. കാരണം, അവരിൽ നല്ലൊരു വിഭാഗം തദ്ദേശീയരല്ല, കുടിയേറിയവരാണ്. പക്ഷേ, ഇന്ത്യയിലെ മുസ്‌ലിംകൾ കുടിയേറിയവരല്ല, അന്നാട്ടുകാർ തന്നെയാണെന്നതിനാൽ ഇത്തരം കൂട്ടായ്മകൾ ഉണ്ടാക്കിയെടുക്കാൻ അവർ ശ്രമിച്ചാൽ വിജയിക്കുമെന്നാണ് എന്റെ പ്രതീക്ഷ, ഗനൂശി പറഞ്ഞു.

തുനീഷ്യയിലെ അവസ്ഥയെക്കുറിച്ചാരാഞ്ഞപ്പോൾ 'വളരെ മോശം' എന്നായിരുന്നു പ്രതികരണം. 'തുനീഷ്യൻ ജനത ഭരണകൂടത്തിന്റെ അക്രമങ്ങളെക്കുറിച്ച് മുമ്പെന്നത്തേക്കാളും ഇന്ന് ബോധവാന്മാരാണ്, അവരിലാണ് പ്രതീക്ഷ' – അദ്ദേഹം പറഞ്ഞു.

ലണ്ടനിലെ പ്രവാസജീവിതത്തെക്കുറിച്ചും ആരാഞ്ഞു: "അവിടെ പ്രശ്നങ്ങളൊന്നുമില്ല. ചില മുസ്‌ലിം തീവ്രവാദികൾ കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമിക്കുന്നതാണ് അലോസരപ്പെടുത്തുന്നത്. നമ്മുടെ സ്വന്തം നാടുകളിൽ ലഭിക്കാത്ത സ്വാതന്ത്ര്യമാണ് ബ്രിട്ടനിൽ നമുക്ക് ലഭിക്കുന്നതെന്ന കാര്യം അവർ ഓർക്കുന്നില്ല."

## സ്ത്രീ പങ്കാളിത്തം

ലോകത്ത് ഇസ്‌ലാമിസ്റ്റുകളുടെ സദസ്സുകളിൽ സ്ത്രീകൾ സജീവ സാന്നിധ്യമാണെന്ന് 'ഖറദാവി സംഗമം' തെളിയിച്ചു. സദസ്സിലും സ്റ്റേജിലും ശ്രോദ്ധാക്കളും അവതാരകരുമായി അവർ പങ്കുകൊണ്ടു. മൊറോക്കോയിലെ ഇസ്‌ലാമിസ്റ്റ് എം.പി ബസീമ ഹഖാവി, ഖത്തർ യൂനിവേഴ്സിറ്റി ശരീഅ ഫാക്കൽറ്റി ഡീൻ ഡോ. ആഇശ അൽ മന്നാഇന, ശൈഖ് ഖറദാവിയുടെ ഭാര്യ അസ്മാഅ് ഖാദ, ഖദീജ മുഫീദ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## ഭാവി പ്രവർത്തനങ്ങൾ

ഭാവി പ്രവർത്തനങ്ങൾക്ക് രൂപം കണ്ടാണ് സംഗമം അവസാനിച്ചത്. ഇസ്‌ലാമിക ചിന്തയുടെ പരിപോഷണാർഥം ഖറദാവിയുടെ പേരിൽ അവാർഡ്, ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ ഉന്നതപഠനത്തിന് സമർഥരായ വിദ്യാർഥികൾക്ക് ഖറദാവിയുടെ സ്വന്തം വഖ്ഫുപയോഗിച്ചുകൊണ്ട് സ്കോളർഷിപ്പ്, ലോക യൂനിവേഴ്സിറ്റികളിൽ ഇസ്‌ലാമിക പഠനത്തിനായുള്ള ഖറദാവി ചെയറുകളുടെ സ്ഥാപനം, ഖറദാവിയുടെ കൃതികളുടെയും ലേഖനങ്ങളുടെയും പ്രസംഗങ്ങളുടെയും സമാഹരണം, ലോക ഭാഷകളിലേക്ക് അവയുടെ വിവർത്തനം, ഖറദാവി ശിഷ്യന്മാരുടെ വാർഷിക സംഗമം തുടങ്ങി വിവിധങ്ങളായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. ■